പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 87 09-03-2015-ൽ മറുപടിയ്ക്ക്

## മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

ചോദ്യം

ശ്രീ. ചിറയം ഗോപകുമാർ

ഉത്തരം :

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | പൊതുജനങ്ങൾക്കിടയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി, റെയിൽവേസ്റ്റേഷൻ എന്നീവിടങ്ങളിൽ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, റെയിൽവേസ്റ്റേഷനുകൾ വഴിയുള്ള ബോധവൽക്കരണ അനൗൺസ്മെന്റ്, കെ.എസ്.ആർ.ടി.സി ബസ്സിന്റെ സൈഡ് പാനൽ വഴിയുള്ള പരസ്യം, കൂടാതെ പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, അട്ടപ്പാടി, വയനാട് എന്നീ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് കൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരു |

| | | | |
|---|---|---|---|
| | | | ന്നു. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും, യുവാക്കളെയും, പൊതുജനങ്ങളെയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ 194 ലഹരിവിരുദ്ധക്ലബ്ബും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യായന വർഷത്തിൽ 1, 3, 5, 7, 11 ക്ളാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യായന വർഷത്തിൽ 2, 4, 6, 8, 12 ക്ളാസുകളിലും, 2016-17 അദ്ധ്യായന വർഷം 9, 10 ക്ളാസുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മദ്യം, മയക്കു മരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ.വിജയകുമാറിന്റെ നേതൃത്വത്തിൽ 25.11.2013-ലെ ജി. ഒ. ആർ.റ്റി 915/2013/നി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി വരുന്നു. |

<table>
<tr>
<td>(ബി)</td>
<td>ഈ സർക്കാർ പ്രസ്തുത പരിപാടികൾ/ പദ്ധതികൾക്ക് എത്ര തുക വീതം ചെലവിടുമെന്നുള്ള വിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;</td>
<td>(ബി)</td>
<td>ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സംസ്ഥാനതലത്തിൽ വിവിധ പ്രചാരണ പരിപാടികൾക്കായി അനുവദിക്കുന്നതിനോടൊപ്പം ജില്ലാ തലത്തിലും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക പൊതുവായി അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ടി തുക ഇനം തിരിച്ചല്ല അനുവദിച്ചു നൽകുന്നത്. ഈ സർക്കാർ ഇതേ വരെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖാന്തിരം ചെല വഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>നമ്പർ</th><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th></tr>
<tr><td>1.</td><td>2011-12</td><td>1,20,00,000/-</td><td>1,19,27,247/-</td></tr>
<tr><td>2.</td><td>2012-13</td><td>90,00,000/-</td><td>89,41,085/-</td></tr>
<tr><td>3.</td><td>2013-14</td><td>75,20,000/-</td><td>73,38,852/-</td></tr>
<tr><td>4.</td><td>2014-15</td><td>60,00,000/-</td><td>60,00,000/-</td></tr>
<tr><td></td><td>ആകെ</td><td>3,45,20,000/-</td><td>3,42,07,184/-</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പരിപാടികളാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?</td>
<td>(സി)</td>
<td>2014-15 വർഷത്തിലെ മദ്യനയം പ്രകാരം ബാർ നിർത്തലാക്കിയതു മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെയും മദ്യാസക്തിക്കടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിന് 'പുനർജ്ജനി 2030' എന്ന പദ്ധതി ആവിഷ്ക്കരിക്കുകയും ആയതിലേയ്ക്കുള്ള പദ്ധതി രൂപീകരണത്തിന് 14.10.2014 - ലെ ജി. ഒ. എം. എസ്. 174/ 2014/നി.വ. പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഏഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 'പുനർജ്ജനി 2030' പദ്ധതി യുടെ രൂപരേഖ സമർപ്പിക്കുവാൻ മേൽപ്പറഞ്ഞ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ